# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6054 — 04.11.2016 -ൽ മറുപടിക്ക്

## സംയോജിത മത്സ്യ ബന്ധന വികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.വി. രാജേഷ്<br>ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.എം.നൗഷാദ്<br>ശ്രീ.സി.കെ.ഹരീന്ദ്രൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സംയോജിത മത്സ്യബന്ധന വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ ഫിഷറീസ് വകുപ്പ് മത്സ്യഫെഡ് മുഖേന 1985 മുതൽ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സംയോജിത മത്സ്യവികസന പദ്ധതി. ഈ പദ്ധതി പ്രകാരം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം, സംഘങ്ങൾക്ക് മത്സ്യ വിപണനത്തിനും, സംസ്കരണത്തിനുമുള്ള അടിസ്ഥാന സൗകര്യം, മത്സ്യ വിപണനത്തിന് വാഹന സൗകര്യം എന്നിവ നൽകി വരുന്നു. |
| (സി) മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യ വിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിനാവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി വഴി സ്വീകരിക്കുന്നത്; | (സി) | മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവിപണന സൗകര്യം വിപുലമാക്കുന്നതിനായി സംഘങ്ങൾക്ക് മത്സ്യ വിപണനത്തിനും, സംസ്കരണത്തിനും, ലേലഹാൾ നിർമ്മിക്കുന്നതിനും, ക്രേറ്റ്സ്, ഇൻസുലേറ്റഡ് ബോക്സ് എന്നിവയ്ക്കും വായ്പ നൽകുന്നു. കൂടാതെ മത്സ്യക്കച്ചവടം ചെയ്യുന്ന പുരുഷൻമാർക്ക് മോട്ടോർ സൈക്കിൾ, പ്രവർത്തന മൂലധനം എന്നിവയും നൽകുന്നു. തീരദേശ ലേലത്തിനും പ്രവർത്തന മൂലധനം വായ്പയായി നൽകി വരുന്നുണ്ട്. |
| (ഡി) മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരിൽ നിന്നും | (ഡി) | മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരിൽ നിന്നും കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും |

| | |
|---|---|
| കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എങ്ങനെയെല്ലാം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ? | വരുമാനം വർദ്ധിപ്പിക്കുന്നതിനും, തീരദേശ ലേലം സഹകരണ സംഘങ്ങൾ നിശ്ചയിച്ച ലേലക്കാരൻ വഴി നടത്തുകയും ആയതിനുള്ള പ്രവർത്തന മൂലധനം സംയോജിത മത്സ്യവികസന പദ്ധതി വഴി നൽകുകയും ചെയ്യുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് വായ്പയായി നൽകുന്നത് അവരെ ഉപകരണങ്ങളുടെ ഉടമസ്ഥരാകാനും സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ